# തൂലിക

E - Magazine





By
little kites club
Nss.Hs.Chowalloor

School code :44026

# ഉള്ളടക്കം


വേനൽപക്ഷി

അമ്മ

സൗഹൃദം

മൂന്നു കൂട്ടുകാർ

യഥാർത്ഥ സ്നേഹം

അപ്പൂപ്പൻ താടി

ആരാണ്...വലിയവൻ

ചിത്രങ്ങൾ

# വേനൽപക്ഷി



വേനൽക്കാലത്തു അധികം ചൂട് ....
വെയിലേറ്റ് മനുഷ്യ ദേഹത്തു വ്രണം
വന്നിടുന്നു ... വ്രണം വന്നിടുന്നു.....
വരൾച്ച കാരണം ശുദ്ധ ജലം അന്തരീക്ഷത്തിൽ
നീരാവിയായി പോകുന്നു
വേനൽ ചൂടേറ്റ് ഭൂമിയിൽ അധിവസിക്കുന്ന
മൃഗങ്ങളും പക്ഷികളും അവർ ഓരോന്നായി
മരണപ്പെടുന്നു ....
കുടിക്കാൻ ശുദ്ധ ജലം കിട്ടാതെ
മനുഷ്യർ ഭ്രാന്തായി .....അവർ ഓരോരുത്തരും

മരിക്കുന്നു.......



ARABHI A.S

9 B

# അമ്മ

കാലംനെയ്തൊരു കോലക്കുടക്കിഴിൽ

 കുരുങ്ങിക്കിടക്കുന്ന പാവമമ്മ.

 പ്രായാധിരേകത്താൽ എല്ലും തൊലിയു- മായി

വാർദ്ധക്്യയസഹജമാം ഗാത്രം.

 മറവിയാണമ്മയ്ക്ക് രോഗമിപ്പോൾ.

 മറവിയാണമ്മയ്ക്ക് രോഗമിപ്പോൾ

രാവും പകലുമില്ലാത്തൊരമ്മ, നിറം- കെട്ടിരുട്ടിൽ

 തുളച്ചിട്ട ജീവൻ.

കേൾവിക്കുറവുണ്ട് കാഴ്ച്ചയും മങ്ങി

 പുത്രനെച്ചൂണ്ടിയിതാരെന്നമ്മയോ-

ടാരാഞ്ഞാലുത്തരം "അച്ഛനെന്നത്രെ..."

 അമ്മയ്ക്ക് തൻപുത്രൻ അച്ഛനെന്നത്രെ...!



വിചാരവികാരങ്ങളൊന്നുമില്ല

എങ്കിലും തപ്പുന്നിടയ്ക്കിടെത്താലി,

പ്രിയനാം ചങ്ങാതി ചാർത്തിയ താലി,

ജീവിതപങ്കാളി ചാർത്തിയ താലി.

ചരടറ്റനാൾ മുതൽ തെറ്റി, നിദ്രയും

മറ്റുള്ള ജീവിതചര്യകളും...

വിസർജ്യങ്ങൾപോലും തിരിച്ചറിയു- ന്നില്ല,

കഷ്ടം, ആരുമില്ലെങ്കിലതും

ഭക്ഷണമാക്കുന്ന കുഞ്ഞിനെപ്പോലെ...

നാമംജപിച്ച നാവിലിന്ന് കൈപ്പും

രുചിയും അമ്മക്കറിയില്ല തെല്ലും.

ഒന്നുകുളിപ്പിച്ചാൽ, വസ്ത്രംധരിപ്പിച്ചാൽ

അന്നമൂട്ടിയാൽ "കൊ...ല്ലെ...ന്നെ യെന്നും

കുഴയുന്നനാവിൽ വാക്കിഴയുന്നു;,

കണ്ണിമപൂട്ടാതെ വാക്കിഴയ്ക്കുന്നു,

ചഞ്ചലപ്പെട്ടമനസ്സുമായി

മക്കളമ്മയ്ക്കരികിൽ...മരുന്നുപോലെ.

പുത്രനും, ഭാര്യയും പാവമാദാസിയും



പരിചരിക്കുന്ന സ്നേഹപൂർവ്വം.

ജീവൻ നിലയ്ക്കാൻ നിമിഷങ്ങൾ വേണ്ടാ

പൊന്തും നീർപ്പോളയുടയുന്ന നേരം

. മൂളൽ, ഞരക്കം, അസ്വസ്ഥകളിൽ

കട്ടിൽ ഞരങ്ങവേ, തേങ്ങുന്നമക്കൾ.

എത്രനാളെത്രനാളിങ്ങനെയമ്മ

അറിയില്ല നേരം, ശേഷിച്ച ദൂരം....!

ജീവൻ നിലയ്ക്കാൻ നിമിഷങ്ങൾ വേണ്ട

പൊന്തും നീർപോളയുടയുന്ന നേരം

പൂവിനെ മാറ്റി,മൊട്ടിനെ നുള്ളുന്ന,

ജീവൻ പകിടകളിക്കുന്ന കാലന്

കണ്ണില്ല ,കാതും,കരളുമില്ല.

Vishnupriya
9 A

# സൗഹൃദം

അതൊരു സ്കൂൾ  കാലമായിരുന്നു . മണിപ്പൂർ
എന്ന ഗ്രാമത്തിൽ പഠിച്ചു വളരുന്ന



കുട്ടികളായിരുന്നു അപ്പുവും മിന്നുവും അവർ ഏതു സമയവും അടിയാണ്. എല്ലാ ദിവസവും അപ്പുവും മിന്നുവും ഒരുമിച്ചാണ്സ്ക്കൂളിൽ പോകുന്നത് . പോകുന്ന വഴിക്കും രണ്ടുപേരും അടിയാണ്  വെയിൽ മാഞ്ഞു മഴക്കാലം എത്തി  .അപ്പുവും മിന്നുവും സ്ക്കൂളിലേയ്ക്ക്പോകാൻ റെഡിയായി പക്ഷെ അപ്പുവിന്റെ കൈയിൽ മാത്രം കുടയുണ്ടായിരുന്നുള്ളൂ . മഴയത്തു അപ്പു കുടയും പിടിച്ച്  സ്ക്കൂളിലേക്ക് നടന്നു

മിന്നു മഴ നനഞ്ഞ് സ്ക്കൂളും ലക്ഷ്യമാക്കി മിന്നു നടന്നു ഒരു വളവിൽ വച്ച് അപ്പുവും മിന്നുവും കണ്ടു മുട്ടി മിന്നു മഴ നനഞ്ഞ് വരുന്നത് കണ്ട്സഹതാപം തോന്നിയ  അപ്പു മിന്നുവിനെയും കുടയിൽ കയറ്റുകയും അവർ രണ്ടു  പേരും സ്ക്കൂളിലേയ്ക്ക് പോവുകയും ചെയ്തു .അങ്ങനെ ക്ലാസിൽഎത്തി .മിന്നുവും അപ്പുവും സുഹൃത്തുക്കൾ ആവുകയും ചെയ്തു മഴക്കാലം കഴിഞ്ഞു അപ്പുവും മിന്നുവും വിട്ട് പിരിയാൻ കഴിയാത്ത കൂട്ടുകാരായി.അങ്ങനെ ഒരിക്കൽ മിന്നുവിന്റെ അമ്മ സ്ക്കൂളിൽ വന്ന് ക്ലാസ് ടീച്ചറായ ലക്ഷമി ടീച്ചറോട് തങ്ങൾ സ്ഥലം മാറുകയാണന്നും  അതിനാൽ മിന്നുവിനെ സ്ക്കൂൾ മാറ്റുകയാണെന്നും അറിയിച്ചു .അപ്പുവിനുംമിന്നുവിനും വളരെയധികം വിഷമമായി.ദിവസങ്ങൾക്കകം അവർ വീട് മാറുകയും അവരുടെ  സൗഹൃദം അവസാനിക്കുകയും ചെയ്തു .

**ALAKANANDA K.R**
**9 B**

## <u>മൂന്നു കൂട്ടുകാർ</u>



ഒരിടത് മൂന്നു കൂട്ടുകാർ ഉണ്ടായിരുന്നു അവർ നല്ല കൂട്ടുകാർ ആയിരുന്നു.ഒരു ദിവസം ഒരു സന്യാസി വൃക്ഷച്ചുവട്ടിൽ ഇരിക്കുന്നത് കണ്ട അവർ അടുത്തേക്ക് ചെന്നു.എന്നിട്ട് ചോദിച്ചു "ഞങ്ങളുടെ ഈ സൗഹൃദ ബന്ധം എത്രമാത്രം സത്യമുള്ളതാണ്"."നിങ്ങളുടെ സൗഹൃദത്തിന് വേണ്ടി നിങ്ങൾ ഒരു കാര്യം ചെയ്യണം"എന്ന് സന്യാസി പറഞ്ഞു എന്നിട്ട് സഞ്ചിയിൽ നിന്ന് മൂന്ന് വസ്തുക്കൾ എടുത്ത് അവരുടെ മുൻപിൽ വയ്ച്ചു.എന്നിട്ട് നിങ്ങളുടെ മുൻപിലുള്ള വസ്തുക്കൾ എടുക്കാൻ അവരോട് പറഞ്ഞു.അവർ അത് എടുത്തു.ആദ്യത്തെ കുട്ടിക്ക് വജ്രവും രണ്ടാമത്തെ കുട്ടിക്ക് സ്വർണവും മൂന്നാമത്തെ കുട്ടിക്ക് ഒരു വൃക്ഷത്തൈയും ലഭിച്ചു.എന്നിട്ട് സന്യാസി പറഞ്ഞു'നിങ്ങളുടെ സൗഹൃദം സത്യമാണോ എന്ന അറിയാൻ നിങ്ങൾ മൂന്നു പേരും മൂന്നു ദിശയിലേക്ക് സഞ്ചരിക്കണം എന്നിട്ട് നിങ്ങൾ നിങ്ങളുടെ സൗഹൃദത്തിന്റെ ഓർമക്കായി ഈ വസ്തുക്കൾ ഉപയോഗിച്ച്  നിങ്ങളുടെ സൗഹൃദബന്ധം സൂചിപ്പിക്കുന്ന ഒരു അടയാളം നിർമ്മിക്കണം മൂന്നു പേരും യാത്ര തുടങ്ങി.ഒന്നാമത്തെ കുട്ടി ഒരവൃക്ഷ ചുവട്ടിലിരുന്നപ്പോൾ അവന്റെ മനസ്സിൽ ഒരു വഴി തെളിഞ്ഞു   അവൻ കളിമണ്ണ് കൊണ്ട് അവരുടെ രൂപങ്ങൾ നിർമ്മിച്ചു അതിൽ വജ്രങ്ങളും ഘടിപ്പിച്ചു.രണ്ടമത്തെ കുട്ടി അവന് കിട്ടിയ സ്വർണംകൊണ്ട് മൂന്നു മോതിരങ്ങൾ നിർമിച്ചു.മൂന്നാമത്തെ കുട്ടി ഒരു നദീതീരത്തുചെന്ന് അവന് കിട്ടിയ ആ വൃക്ഷത്തൈ നട്ടു എന്നിട്ട് അതിന്റെ ചുവട്ടിൽ നിന്ന് കുറച്ചു മണ്ണ് എടുത്തു.എന്നിട് തിരികെ സന്യാസിയുടെ അടുത്തേക്ക് ചെന്ന് എന്നിട്ട് സന്യാസി ചോദിച്ചു'നിങ്ങൾ എന്ട്ടാണ്ട് സൗഹൃദത്തിന്റെ അടയാളമായി കൊണ്ട് വന്നത്.അവർ കാണിച്ചു മൂന്നാമത്തെ കുട്ടിയുടെ കയ്യിലുള്ള മണ്ണുകണ്ട് സന്യാസി അവനോട് ചോദിച്ചു'നീ ഈ മണ്ണാണോ കൊണ്ട് വന്നത്".അവൻ പറഞ്ഞു ഇത് ഞാൻ എന്റെ സൗഹൃദത്തിന്റെ അടയാളമായ വൃക്ഷതൈയുടെ ചുവട്ടിൽ നിന്ന് എടുത്തതാണ്,എത്ര നാൾ കഴിഞ്ഞാലും ആ വൃക്ഷത്തൈയും മണ്ണും

കാണും.അങ്ങനെ സന്യാസിക്ക് മനസ്സിലായി ഇവരുടെ സൗഹൃദബന്ധം സത്യസന്ധമാണ് എന്ന്.

ARPITHA
9B



# യഥാർത്ഥ സ്നേഹം

വെയിൽ മാഞ്ഞു മഴ സമയം പ്രഭാതം ഒരു പുലർച്ച യൂറോപ്പിലെ സ്ക്രൂളിൽ ഫസ്റ്റ് ബെൽ അടിച്ചിട്ടും നന്ദുവിന്റെ സുഹൃത്ത് പൊന്നു വന്നിട്ടില്ല. പൊന്നുവും നന്ദുവും വളരെ നല്ല സുഹൃത്തുക്കളാണ് നന്ദുവിനെ വളരെ സങ്കടമായി പൊന്നു വരാത്തതിൽ അന്നത്തെ ദിവസം അങ്ങനെ കടന്നുപോയി പിറ്റേദിവസം ഒരു ബുധനാഴ്ച നന്ദു പൊന്നുവിനെ കാത്ത് ക്ലാസ് വഴിയിൽ നോക്കി നിന്നു അന്നത്തെ ദിവസം പൊന്നു സ്ക്രൂളിൽ വന്നില്ല നന്ദുവിനെ വളരെയേറെ സങ്കടമായി അന്ന് ഉച്ചസമയം 12:00 മണി ആകാൻ പോകുന്നു നാലാമത്തെ പിരീഡിനെ ബെല്ലടിച്ചു അവരുടെ ക്ലാസ് ടീച്ചറായ ചന്ദനവർണ ടീച്ചർ ക്ലാസ് മുറിയിൽ വന്നു ക്ലാസ് ടീച്ചർ പറഞ്ഞു എന്താ "നന്ദു ഒറ്റയ്ക്ക് ഇരിക്കുന്നത് കൂട്ടുകാരി വന്നില്ലേ ?" "ഇല്ല ടീച്ചർ അവൾ എന്താ വരാത്തത്" "മോൻ വിഷമിക്കേണ്ട അവൾ ലീവിലാണ് അവൾ ഇനി അടുത്ത ആഴ്ചയിലെ വരികയുള്ളൂ അവളുടെ അമ്മൂമ്മ മരിച്ചതിനാൽ അവൾ നാട്ടിലേക്ക് പോയിരിക്കുകയാണ് മോൻ വിഷമിക്കേണ്ട". അങ്ങനെ ആഴ്ചകൾ കഴിഞ്ഞു പൊന്നു തിരിച്ചുവരും എന്ന ദിവസം കഴിഞ്ഞിട്ടും നന്ദു പൊന്നുവിനെയും കാത്ത് നിൽക്കുകയാണ്. അങ്ങനെ ഒരു ദിവസം ചന്ദന വർണ ടീച്ചർ മറ്റൊരു ക്ലാസിലെ ക്ലാസ് ടീച്ചറോട് പറഞ്ഞു എൻറെ ക്ലാസിലെ വിദ്യാർത്ഥിനിയായ പൊന്നു ഇനി സ്ക്രൂളിലേക്ക് വരികയില്ലെന്നും അവൾ വന്ന വിമാനം ഒരു അപകടത്തിൽപ്പെട്ട അവൾ മരണപ്പെട്ട കാര്യം പറഞ്ഞു . ഇത് കേട്ട ഒരു വിദ്യാർത്ഥിനി നന്ദുവിന്റെ അടുത്ത് പറയുകയും നന്ദുവിന്റെ മനസ്സ് തകർന്ന് പോവുകയും അവൻ്റെ ഒരേ ഒരു സുഹൃത്തായ പൊന്നുവിന്റെ മരണത്താൽ

നന്ദുവിന്റെ മനസ്സ് തകരുകയും അവൻ ഭക്ഷണം കഴിക്കാതെ വരികയും അവനെ അസുഖങ്ങൾ ബാധിക്കുകയും ചെയ്തു. കുറച്ചു ദിവസങ്ങൾക്ക് ശേഷം ആശുപത്രിയിൽ കാണിച്ചപ്പോൾ നന്ദുവിന് കാൻസർ ആണെന്ന് ഡോക്ടർ പറയുകയും അവൻറെ സുഹൃത്ത് പൊന്നു പോയതിന്റെ സങ്കടം അവൻറെ മനസ്സിനെ താങ്ങാൻ കഴിയാതെ അവൻ ക്രൂടുതലായി ക്യാൻസർ ബാധിക്കുകയും അവന് ഇനി ക്യാൻസറിൽ നിന്ന് പ്രതിരോധിക്കാൻ കഴിയില്ല എന്ന് ഡോക്ടർമാർ പറഞ്ഞു. അങ്ങനെ ഒരു ദിവസം നന്ദു ഈ ഭൂമിയിൽ നിന്ന് മരണമടയുകയും അങ്ങനെ ഈ യഥാർത്ഥ സ്നേഹവും സുഹൃത്ത് ബന്ധവും ഇവിടെ അവസാനിച്ചു

Aryananda K.R
9B





## അപ്പൂപ്പൻ താടി





ഇതാ താടി പറക്കുന്നു
വെള്ള താടി പറക്കുന്നു
കൗതുകം ഉള്ളൊരു താടി
നമ്മുടെ അപ്പൂപ്പൻതാടി.

താടിക്കൊപ്പം ഓടുന്നുണ്ട്
കുസൃതിക്കൂട്ടം പിന്നാലെ
ഇപ്പോൾ കയ്യിൽ കിട്ടും താടി
അവർ ആർപ്പു വിളിക്കുന്നു

അങ്ങോട്ട് ഇങ്ങോട്ടെന്ന് മട്ടിൽ
താഴും, പൊങ്ങും താടി
കാറ്റിൻ ഗതിക്കൊത്തുപോകും
താടി ഈ അപ്പൂപ്പൻ താടി

Govardhan K S
9 A

# ആരാണ് വലിയവൻ

ആരാണ്.... ചെറിയവൻ

ആരാണ്.... വലിയവൻ

ഉറുംബിനറിയില്ല

ആനയ്ക്കുമറിയില്ല,

എങ്കിലും ആനപ്പുറ-

ത്തേറി എത്തുന്നു ഉറുമ്പ്





AJAY SREE S.L
9A



SONA S.L
8A



ANANTHALEKSHMI S S
8 A



SWAPNA S
8 A



SONA S L
8 A